കോവിഡ് ധന സഹായത്തിന് അപേക്ഷിക്കാം

കാസർകോട്: കടകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും അംഗങ്ങൾക്കും സ്വയം തൊഴിൽ ദാതാക്കൾക്കും കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ബോർഡിൽ നിന്നും അനുവദിക്കുന്ന കോവിഡ് ധനസഹായത്തിന് ആഗസ്റ്റ് 15 വരെ അപേക്ഷിക്കാം. peedika.kerala.gov.inലൂടെയാണ് അപേക്ഷിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് 9747931567 എന്ന നമ്പറിൽ ബന്ധപ്പെടാം.

ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക്: രജിസ്ട്രേഷൻ 31 വരെ നടത്താം

കാസർകോട്: സംസ്ഥാന സർക്കാർ കേരള ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപറേഷന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക് രജിസ്ട്രേഷന് 31 വരെ അവസരം. അപേക്ഷാ ഫോം വാങ്ങിയിട്ടുള്ളവർ 31നകം അക്ഷയ കേന്ദ്രത്തിലെത്തി രജിസ്ട്രേഷൻ നടത്തണം. അക്ഷയ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തവർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് mdkadco@gmail.com ലേക്ക് ഇമെയിൽ ചെയ്യുകയോ, മാനേജിങ് ഡയറക്ടർ , കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ , സ്വാഗത്, ടി സി 12/755, ലോ കോളേജ് റോഡ്, തിരുവനന്തപുരം 695035 എന്ന വിലാസത്തിൽ അയക്കുകയോ ചെയ്യണമെന്ന് അധികൃതർ അറിയിച്ചു.

വായ്പകൾക്ക് അപേക്ഷിക്കാം

കാസർകോട്: സംസ്ഥാനത്തെ ഹരിതകർമ്മ സേന അംഗങ്ങൾക്കായുള്ള സംസ്ഥാന വനിത വികസന കോർപറേഷന്റെ വായ്പാ പദ്ധതികൾക്ക് അപേക്ഷിക്കാം. തൊഴിൽ ചെയ്യാനാവശ്യമായ വാഹനം വാങ്ങാൻ, സംരംഭ വികസനത്തിന്, സാനിട്ടേഷൻ ജോലിയുമായി ബന്ധപ്പെട്ട ഉത്പന്നങ്ങൾ വില്ക്കുന്ന സാനിട്ടറി മാർട്ടുകൾ തുടങ്ങാൻ, ഹരിത സംരംഭങ്ങൾ തുടങ്ങാൻ, സേനാംഗങ്ങളുടെ പെൺ മക്കൾക്ക് വിദ്യാഭ്യാസ സഹായംഎന്നീ മേഖലകളിലാണ് വായ്പകൾ അനുവദിക്കുന്നത്. വാഹനം വാങ്ങാൻ പരമാവധി 15 ലക്ഷം രൂപ യും ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു അംഗത്തിന് പരമാവധി 60,000 രൂപയും ലഭിക്കും. ഒരു സി ഡി എസിന് കീഴിൽ 50 ലക്ഷം വരെ പരമാവധി വായ്പയായി ലഭിക്കും. ശുചീകരണ ജോലിക്ക് സഹായകമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 15 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. ഇവരുടെ പെണ്മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും, വൊക്കേഷണൽ പഠനത്തിനും മുന്നര ശതമാനം പലിശയ്ക്ക് നാലു ലക്ഷം മുതൽ പത്തുലക്ഷം രൂപ വരെ വിദ്യാഭ്യാസ വായ്പയും ലഭിക്കും. നാലര ലക്ഷം രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ള ഇത്തരം കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് അനുവദിക്കപ്പെടുന്ന ലോണിന്റെ പലിശ, യോഗ്യത നേടിക്കഴിഞ്ഞാൽ തിരികെ നൽകും. നാലു മുതൽ അഞ്ച് ശതമാനം വരെ വാർഷിക പലിശ നിരക്കിൽ ലഭിക്കുന്ന വായ്പയുടെ കാലാവധി മൂന്ന് വർഷമാണ്.

രാമായണ പാരായണ മത്സരം നടത്തി

ചെറുവത്തൂർ: സ്നേഹതീരം കരിച്ചേരി വാട്ട്സ്ആപ് കൂട്ടായ്മ രാമായണ പാരായണ മത്സരം സംഘടിപ്പിച്ചു. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മത്സരാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. രാമായണ പാരായണത്തിൽ സൂര്യ തേജസ് പരപ്പ 1ാം സ്ഥാനം നേടി, എം. കൃഷ്ണൻ നമ്പ്യാർ മുതിരക്കൊച്ചി 2ാം സ്ഥാനം നേടി. ശിവനന്യ ശിശുപാലൻ കരിച്ചേരി പ്രത്യേക സമ്മാനത്തിന് അർഹയായി. വിധിനിർണ്ണയം നടത്തിയത് മധുസൂദനവാരിയർ തിരുനക്കര കോട്ടയം, ശ്രീകാന്ത് വിശ്വരൂപ കോട്ടയം തിരുനക്കര, ധന്യ ശ്രീകാന്ത് എന്നിവരാണ്.

കരുണയുള്ളവർ കാണുമോ ഈ വൃദ്ധ ദമ്പതികളുടെ ദുരിത ജീവിതം?

കാഞ്ഞങ്ങാട്: സ്വന്തമായി ഒരു തുണ്ട് ഭൂമി പോലുമില്ലാതെ വാടക വീടുകൾ മാറിമാറി താമസിക്കുന്ന വൃദ്ധ ദമ്പതികൾ അധികൃതരുടെയും കരുണയുള്ളവരുടെയും കൈത്താങ്ങ് തേടുന്നു. അജാനൂർ, നാലപ്പാടത്തെ തമ്പാൻ- കാർത്യായനി ദമ്പതികളാണ് പ്രായം തളർത്തിയ അവശതകളും രോഗങ്ങളും കൊണ്ട് വാടക വീടുകൾ കയറിയിറങ്ങുന്നത്. വർഷങ്ങൾക്കു മുമ്പ് മിച്ച ഭൂമിക്കായി അപേക്ഷ നൽകി സ്ഥലം പാസ്സായിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് അധികൃതർ അത് തള്ളുകയായിരുന്നു. ലൈഫ് പദ്ധതിയിൽ വീടിനായി അപേക്ഷിച്ചുവെങ്കിലും സ്വന്തമായി സ്ഥലമില്ലാത്തതിനാൽ അതും നഷ്ടമായി. അധികൃതർ ഇവർക്ക് നൽകിയ റേഷൻ കാർഡാണെങ്കിൽ പൊതു വിഭാഗത്തിൽ ഉള്ള വെള്ളകാർഡാണ്. 68 വയസ്സുള്ള തമ്പാൻ ശ്വാസം മുട്ടും മറ്റ് ശാരീരിക അവശതകളും കാരണം ജോലിക്കു പോകാൻ കഴിയാത്ത അവസ്ഥയിലാണ്. 65 വയസ്സുള്ളഅള കാർത്യായനിയമ്മയും ശരീരത്തിന്റെ ഒരു ഭാഗം തളർന്ന് പ്രയാസമനുഭവിക്കുകയാണ്. ഇവർക്ക് രണ്ടു മക്കളുണ്ട്. മകൾ ഭർതൃ ഗൃഹത്തിലാണ്. മകൻ കൂലിവേലചെയ്തു ലഭിക്കുന്ന തുക ദൈനംദിനാവശ്യങ്ങൾക്കു പോലും തികയുന്നില്ലെന്നു പറയുന്നു. ഉദാരമതികളുടെ കാരുണ്യം കൊണ്ടാണ് ഇവർ ദിവസം തള്ളിനീക്കുന്നത്. വൃദ്ധ ദമ്പതികളുടെ ദുരവസ്ഥയ്ക്കു നേരെ കണ്ണടയ്ക്കുന്ന അധികൃതരോ കരുണവറ്റാത്ത സുമനസ്സുകളോ സഹായ ഹസ്തവുമായെത്തും എന്ന പ്രതീക്ഷയിലാണ് ഈ കുടുംബം.

തമ്പാനും കാർത്യായനിയമ്മയും വാടക വീടിനു മുന്നിൽ

ചിത്താരിയിലെ ബൽക്കീസ് മോളും ഇനി ഓൺലൈനായി പഠിക്കും

ചിത്താരി : ടി വി ഇല്ലാത്തതിന്റെ പേരിൽ ഓൺലൈൻ പഠനം മുടങ്ങിയ ബൽക്കീസ് മോളും ഇനി ഓൺലൈനായി പഠിക്കും. സെൻറർ ചിത്താരി വാടക റൂമിൽ കഴിയുന്ന കൂലിപ്പണിക്കാരനായ ഫായിസിന്റെയും സുഹൈമയുടെയും മൂത്ത പുത്രിയായ ഫാത്തിമത്ത് ബൽക്കീസ് ചിത്താരി ഹിമയത്തുൽ ഇസ്ലാം എ യു പി സ്കൂളിലെ രണ്ടാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. വീട്ടിൽ ടി വി ഇല്ലാത്തതിന്റെ പേരിൽ പഠനം മുടങ്ങിയ വിദ്യാർത്ഥിനിയുടെയും, കുടുംബത്തിന്റെയും ദയനീയ അവസ്ഥ അറിഞ്ഞ് സൗത്ത് ചിത്താരി ഐ എൻ എൽ ശാഖ പ്രവർത്തകർ വീട്ടിൽ നേരിട്ടെത്തി ടി വി സമ്മാനിച്ചത്. ഐ എൻ എൽ അജാനൂർ പഞ്ചായത്ത് സെക്രട്ടറി കെ സി മുഹമ്മദ് കുഞ്ഞി ടി വി വിതരണം ചെയ്തു. റിയാസ്, ഫാറൂഖ് പി എം, ഷാനി, ബഷീർ, സായിദ് സി എച്ച് സംബന്ധിച്ചു.

ഓൺലൈൻ പഠനത്തിനു സഹായഹസ്തവുമായി ഐ എൻ എൽ ചിത്താരി ശാഖാ പ്രവർത്തകർ

നീലേശ്വരത്തെ ഓൺലൈൻ ക്ലാസ് ശ്രദ്ധേയമാവുന്നു

നീലേശ്വരം ജി എൽ പി സ്കൂളിലെ സവിത ടീച്ചർ ആനയോടൊപ്പം ഓൺ ലൈൻ ക്ലാസെടുക്കുന്നു.

നീലേശ്വരം: നീലേശ്വരം ഗവ.എൽ.പി.സ്കൂളിലെ പ്രാദേശിക ഓൺലൈൻ ക്ലാസുകൾ ശ്രദ്ധേയമാവുന്നു. ദിവസവും വിക്ടേഴ്സ് ചാനലിലൂടെ നടക്കുന്ന ഓൺലൈൻ ക്ലാസിന് പുറമേ ഗൂഗിൾ മീറ്റ് എന്ന ആപ്ലിക്കേഷൻ ഉപയോഗിച്ച് നടക്കുന്ന പ്രാദേശിക ഓൺലൈൻ ക്ലാസുകൾ സമൂഹമാധ്യമങ്ങളിൽ വൈറലായിക്കൊണ്ടിരിക്കുകയാണ്. പ്രീപ്രൈമറി മുതൽ നാലാം തരം വരെയുള്ള 340 കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ടാണ് ക്ലാസുകൾ നടക്കുന്നത്. ഓൺലൈനിലൂടെ തന്നെ ക്ലാസ് പി.ടി.എ യോഗങ്ങൾ നടത്തി കുട്ടികളുടെ പഠന നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്താനും അധ്യാപകർ ശ്രമിക്കുന്നുണ്ട്. ഓരോ ക്ലാസിലെ കുട്ടികൾക്കും പ്രത്യേകം സമയം അനുവദിച്ചുകൊണ്ട് നടക്കുന്ന ക്ലാസുകൾ പരമാവധി ആകർഷകമാക്കാൻ തങ്ങളുടെ കുഞ്ഞു മൊബൈലിലെ എല്ലാ വിധ സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തുകയാണ് അധ്യാപികമാർ. പ്രീപ്രൈമറി ക്ലാസുകളിലെ കുട്ടികൾക്കായി അധ്യാപിക കെ. സവിത അവതരിപ്പിച്ച ആനപ്പാട്ട് ശ്രദ്ധേയമായി. കോവിഡ് 19 മൂലം പുറത്തിറങ്ങാൻ കഴിയാതെ വീട്ടിലിരിക്കുന്ന കുട്ടികളുടെ മുന്നിൽ ജീവനുള്ള ആനയോടൊപ്പം നിൽക്കുന്ന ടീച്ചറെ അവതരിപ്പിച്ചു കൊണ്ടാണ് സവിത ടീച്ചർ ശ്രദ്ധേയയായത്. ഓഗ്മെന്റ് റിയാലിറ്റി 1 ആപ്പ് ഉപയോഗിച്ചാണ് ടീച്ചർ ഇത്തരം വീഡിയോകൾ റിക്കോർഡ് ചെയ്ത് അവതരിപ്പിക്കുന്നത്.

കോവിഡിനൊപ്പം ഡെങ്കിപ്പനിക്കും തയ്യാറായി ബദിയഡുക്ക പഞ്ചായത്ത്

ബദിയഡുക്ക: കോവിഡ് ആശങ്ക നിലനിൽക്കേ ബദിയഡുക്ക ഡെങ്കി ഭീഷണി നേരിടുന്നു.

ഡെങ്കി രോഗം ഉണ്ടാവുന്നതു തടയുന്നതിന് എല്ലാ വർഷവും മഴക്കാലത്തിനു മുമ്പു ജനവാസ കേന്ദ്രങ്ങൾ ശുചീകരണമെന്നു വ്യവസ്ഥയുണ്ട്. ഇതിനു വേണ്ടി സർക്കാർ ഓരോ പഞ്ചായത്തു വാർഡിനും 10,000 രൂപ പതിവായി നൽകുകയും ചെയ്യുന്നു.

വാർഡ് മെമ്പർ ഭാരവാഹിയായുള്ള ജനകീയ സമിതിയാണ് ശുചീകരണം ഉറപ്പാക്കേണ്ടത്. ഇക്കൊല്ലവും മിക്ക വാർഡുകളും കമ്മിറ്റി ഉണ്ടാക്കിയെന്നു പറയുന്നു. എന്നാൽ പണം കിട്ടാത്തതു കൊണ്ടു ശുചീകരണം വേണ്ടെന്നു വച്ചു.

ബദിയഡുക്ക ബസ് സ്റ്റാന്റ്, നവജീവൻ റോഡ്, മീത്തലെ ബസാർ, ബോളുക്കട്ട എന്നിവിടങ്ങൾ മാലിന്യങ്ങൾ കുന്നുകൂടിക്കിടക്കുന്നു. ചീഞ്ഞുനാറുകയാണ്. മാരക രോഗ ഭീഷണി നിലനിൽക്കുമ്പോൾ ജന പ്രതിനിധികൾ പ്രകടിപ്പിക്കുന്ന ജനവിരുദ്ധ സമീപനത്തിനെതിരെ പ്രതിഷേധം ശക്തമാവുന്നു.

ബദിയഡുക്കയിൽ കുന്നുകൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ

മികച്ച വിദ്യാർത്ഥികൾക്ക് രാജ്മോഹൻ ഉണ്ണിത്താൻ എം.പി ഉപഹാരം നൽകുന്നു

ഉന്നത വിജയികളെ ആദരിച്ചു

പൊയിനാച്ചി: ഇന്ത്യൻ നാഷണൽ കോൺഗ്രസ് പൊയിനാച്ചി ഇന്ദിരാഭവൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചെമ്മനാട് പഞ്ചായത്തിലെ ഒൻപത് പത്ത് വാർഡുകളിൽ എസ്എസ് എൽസി, പ്ലസ്ടു, ഡിഗ്രി പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു.

ചെമ്മനാട് മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് കൃഷ്ണൻ ചട്ടഞ്ചാൽ ആധ്യക്ഷം വഹിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ എം പി കുട്ടികൾക്ക് ഉപഹാരം സമ്മാനിച്ചു. ഡിസിസി ജനറൽ സെക്രട്ടറി പി.വി സുരേഷ്, പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശകുന്തള കൃഷ്ണൻ, പഞ്ചായത്ത് മെമ്പർ സുകുമാരൻ ആലിങ്കൽ, മണിമോഹൻ ചട്ടഞ്ചാൽ, രാജൻ കെ പൊയിനാച്ചി, പ്രതീഷ് നെല്ലിയടുക്കം , ശ്രീജിത്ത് എൻ സി, സതീശൻ പള്ളിയിൽ വീട്, ജയേഷ് നെല്ലിയടുക്കം, ചന്ദ്രൻ പി.ജി, ജയൻ നെല്ലിയടുക്കം, പ്രദീപ് കനിയടുക്കം നേതൃത്വം നൽകി.

മത്സ്യബന്ധന യാനങ്ങൾ ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രമേ മത്സ്യബന്ധനത്തിലേർപ്പെടാവൂ

കാസർകോട്: മത്സ്യബന്ധന യാനങ്ങൾ ഒന്നിവിട്ട ദിവസങ്ങളിൽമാത്രമേ മത്സ്യബന്ധനത്തിലേർപ്പെടാവൂവെന്ന് അധികൃതർ അറിയിച്ചു. രജിസ്ട്രേഷൻ നമ്പർ ഒറ്റ അക്കത്തിൽ അവസാനിക്കുന്ന യാനങ്ങൾ തിങ്കൾ, ബുധൻ,വെള്ളി ദിവസങ്ങളിലും ഇരട്ട അക്കത്തിൽ അവസാനിക്കുന്ന യാനങ്ങൾ ചൊവ്വ,വ്യാഴം,ശനി ദിവസങ്ങളിലും മത്സ്യബന്ധനത്തിൽ ഏർപ്പെടാം. വെള്ളിയാഴ്ച അവധിയുള്ള പ്രദേശങ്ങളിൽ ഒറ്റ അക്കത്തിൽ അവസാനിക്കുന്ന യാനങ്ങൾക്ക് ഞായറാഴ്ച മത്സ്യബന്ധനത്തിൽ ഏർപ്പെടാം. അന്യസംസ്ഥാന യാനങ്ങൾ കേരളതീരത്ത് മത്സ്യബന്ധനം നടത്തുന്നതും സംസ്ഥാന അതിർത്തിയിലെ ഹാർബറുകളിലോ ഫിഷ് ലാന്റിങ് സെന്റുകളിലോ പ്രവേശിക്കുന്നതും നിരോധിച്ചു. ഹാർബറിലെ മത്സ്യബന്ധന വിപണന പ്രവർത്തനങ്ങൾ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെയും ഫിഷ്ലാന്റിങ് സെന്ററുകളിലെയും മത്സ്യം കരയ്ക്കടുപ്പിയ്ക്കൽ കേന്ദ്രങ്ങളിലെയും മത്സ്യബന്ധന വിപണന പ്രവർത്തനങ്ങൾ ജനകീയ സമിതിയുടെയും നേതൃത്വത്തിലായിരിക്കണം. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധനത്തിനും വിപണനത്തിനുമുള്ള മാർഗ്ഗരേഖ ചർച്ച ചെയ്യുന്നതിന് ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബുവിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. മത്സ്യ ബന്ധനത്തിന് നിയോഗിക്കുന്ന അതിഥി തൊഴിലാളികളെ കോവിഡ് ടെസ്റ്റിന് വിധേയമാക്കി നെഗറ്റീവ് സർട്ടിഫിക്കറ്റ് അതത് യാന ഉടമകൾ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി,ജനകീയ സമിതി മുമ്പാകെ ഹാജരാക്കണം.മത്സ്യലേലം പൂർണ്ണമായും ഒഴിവാക്കണം.മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ഹാർബാർ മാനേജ്മെന്റ് കമ്മിറ്റി, ജനകീയ സമിതി നിശ്ചയിച്ച് നൽകിട്ടുള്ള വിലയ്ക്ക് മാത്രമേ വിലക്കാൻ പാടുള്ളൂ.സാമൂഹ്യ അകലം പാലിച്ച് ലേലം ഒഴിവാക്കി മത്സ്യവില്പന നടത്തുന്നതിനുള്ള ഉത്തരവാദിത്വം പോലീസ്,റവന്യൂ,ഫിഷറീസ്,മത്സ്യഫെഡ്,എച്ച് ഇഡി എന്നിവരിൽ നിക്ഷിപ്തമാണ്.കണ്ടെയ്ൻമെന്റ് സോണുകളിൽ വഴിയോര മത്സ്യ കച്ചവടവും വീടുകൾ തോറും കൊണ്ടുപോയുള്ള മത്സ്യ കച്ചവടവും പൂർണ്ണമായും നിരോധിക്കാനും തീരുമാനമായിയോഗത്തിൽ ജില്ലാ പൊലീസ് മേധാവി ഡി ശില്പ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പി വി സതീശൻ, മത്സ്യഫെഡ് ജില്ലാ മാനേജർ കെ എച്ച് ഷെരീഫ്,എച്ച് ഇ ഡി എക്സിക്യൂട്ടീവ് എഞ്ചിനിയർ അഷറഫ്,ബോട്ടുമകളുടെ പ്രതിനിധികൾ,ഇൻബോർഡ് വള്ളം പ്രതിനിധികൾ,പരമ്പരാഗത മത്സ്യയാന നേതാക്കൾ ,ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവർ സംബന്ധിച്ചു.

തുക കൈമാറി

കാഞ്ഞങ്ങാട്: പേരൂർ സർഗ്ഗവേദി ബിരിയാണി ഫെസ്റ്റിലൂടെ സമാഹരിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്തു. അമ്പലത്തറ പേരൂർ സർഗ്ഗവേദി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് പ്രവർത്തകരാണ് സംഭാവന നൽകിയത്. കെ കുഞ്ഞിരാമൻ എം.എൽ.എ ക്ലബ് ഭാരവാഹികളിൽ നിന്നു തുക സ്വീകരിച്ചു. പ്രമോദ്, എൻ. കൃഷ്ണൻ, പ്രഭാകരൻ, പങ്കജാക്ഷി, ജോർജ്, വിനീഷ്, സുകുമാരൻ പ്രസംഗിച്ചു. പേരൂരിലെ തന്മയ, പുലരി കുടുംബശ്രീ ഭാരവാഹികളും കുളിർമ്മ പുരുഷ കർഷക സ്വാശ്രയ സംഘഭാരവാഹികളും ക്ലബ്ബ് പ്രവർത്തകരും ചടങ്ങിൽ സംബന്ധിച്ചു.

അമ്പലത്തറ പേരൂർ സർഗ്ഗവേദി ദുരിതാശ്വാസ നിധിയിലേക്കു നൽകുന്ന സംഭാവന കെ.കുഞ്ഞിരാമൻ എം.എൽ.എ സ്വീകരിക്കുന്നു

പ്രതിസന്ധികളെ അതിജീവിക്കാനുള്ള മാനസിക കരുത്താർജ്ജിക്കണം:വിസ്ഡം

കാസർകോട്: കോവിഡ് മഹാമാരിക്കിടയിൽ മനുഷ്യർ അനുഭവിക്കുന്ന സാമ്പത്തിക മാനസിക പ്രയാസങ്ങളെ മനക്കരുത്തും സാമൂഹിക പിന്തുണയും കൊണ്ട് മാത്രമേ അതിജയിക്കാൻ കഴിയൂ എന്ന് വിസ്ഡം യൂത്ത് ജില്ലാ കമ്മിറ്റി നടത്തുന്ന 'വെബ്കോൺ' ഓൺലൈൻ യുവജന സമ്മേളനത്തിന്റെ പ്രഖ്യാപന സമ്മേളനം അഭിപ്രായപ്പെട്ടു.

പ്രഖ്യാപന സമ്മേളനം എം.എൽ.എ എൻ.എ. നെല്ലിക്കുന്ന് ഉദ്ഘാടനം ചെയ്തു. നാസർ മല്ലം ആധ്യക്ഷം വഹിച്ചു.

കണ്ടെയ്ൻമെന്റ് സോണുകളിലുള്ളവർക്ക് കെ.എസ്.ഇ.ബി മീറ്റർ റീഡിങ് വാട്സ്അപ്പായി അയക്കാം

കാസർകോട്: ജില്ലയിലെ കണ്ടെയ്ൻമെന്റ് സോണുകളിൽ കെ.എസ്.ഇ.ബി. മീറ്റർ റീഡർമാർക്ക് റീഡിങ് എടുക്കാൻ പറ്റാത്ത സാഹചര്യത്തിൽ കണ്ടെയ്ൻമെന്റ് സോണിലെ ഉപഭോക്താക്കൾക്ക് സ്വയം റീഡിങ് എടുത്ത് അതാത് സെക്ഷൻ എഞ്ചിനീയറുടെ വാട്സപ്പ് നമ്പറിലേക്ക് അയക്കാം. രണ്ട് മാസത്തിലൊരിക്കൽ റീഡിങ്ങിനു വരുന്ന ദിവസം കണക്കാക്കി വേണം ഉപഭോക്താക്കൾ മീറ്ററിൽ കാണുന്ന റീഡിങ്ങിന്റെ ഫോട്ടോ വാട്സ്അപ്പിലൂടെ അയക്കാൻ. ശരാശരി റീഡിങ് കണക്കാക്കി ബില്ല് ചെയ്യുമ്പോൾ തുകയുടെ കാര്യത്തിൽ ഉപഭോക്താക്കൾക്കുണ്ടാകുന്ന സംശയം കണക്കിലെടുത്താണ് പുതിയ നടപടിയെന്ന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു.

കാസർകോട് ഡിവിഷൻ പരിധിയിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ വാട്സ്അപ്പ് നമ്പറുകൾ ഇവയാണ്. കാസർകോട് 9496011501, നെല്ലിക്കുന്ന് 9496011511, കുമ്പള 9496011505, സീതാംഗോളി 9496018766, ഉപ്പള 9496011525, മഞ്ചേശ്വരം 9496011520, വോർക്കാടി 9496011529, പൈവളിഗെ 9496012150, ചെർക്കള 9496011490, ബദിയഡുക്ക 9496011484, പെർള 9496012464, മുള്ളേരിയ 9496011494, ഉദുമ 9496011515, ചട്ടഞ്ചാൽ9496012285, കുറ്റിക്കോൽ 9496011516 കാഞ്ഞങ്ങാട് ഡിവിഷൻ പരിധിയിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ വാട്സ്അപ്പ് നമ്പറുകൾ: കാഞ്ഞങ്ങാട് 9496011445, ചിത്താരി 9496011440, പടന്നക്കാട് 9496018359, മാവുങ്കാൽ 9496011450, പെരിയ ബസാർ 9496012225, രാജപുരം 9496011451, ബളാംതോട് 9496012228, നീലേശ്വരം 9496011462, ചോയ്യംകോട് 9496011577, ഭീമനടി 9496011456, നല്ലോംപുഴ 9496011571, പിലിക്കോട് 9496011475, തൃക്കരിപ്പൂർ 9496011480, കയ്യൂർ 9496011470, പടന്ന 9496011471 എന്നിങ്ങനെയാണ്.

കട്ടത്തടുക്കയിൽ ശുചീകരണം നടത്തി

കട്ടത്തടുക്ക: കട്ടത്തടുക്ക കൈരളി ലൈബ്രറിയും, നെഹ്റു യുവകേന്ദ്രയും സംയുക്തമായി സംഘടിപ്പിച്ച ക്ലീൻ കട്ടത്തടുക്ക പരിപാടി കുഞ്ഞഹമ്മദ് ഉദ്ഘാടനം ചെയ്തു. ഷംസീർ ആധ്യക്ഷം വഹിച്ചു. കൃഷ്ണൻ, പി എച്ച് യൂസഫ്, മനാഫ്, റാസി, അശോകൻ, ചനിയൻ, പ്രമോദ്, അൻവർ, അബ്ദുൽ അസീസ്, അജ്വാദ് നേതൃത്വം നൽകി. എ എച്ച്. റസാഖ് സ്വാഗതവും, ജഗദീഷ് നന്ദിയും പറഞ്ഞു.

കട്ടത്തടുക്കയിൽ നടന്ന ശുചീകരണം കുഞ്ഞഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു

യു.എ.ഇ സൗത്ത് ചിത്താരി കെ.എം.സി.സി നടത്തിയ കിറ്റ് വിതരണം

THE KUMBLA SERVICE CO-OPERATIVE BANK LTD., No. C. 324

Kumbla P.O. – 671321, Kasaragod Dist,Phone: 04998-214095

ആവശ്യമുണ്ട്

കുമ്പള സർവ്വീസ് സഹകരണ ബേങ്കിൽ ഒഴിവുള്ള താഴെ പറയുന്ന തസ്തികയിലേക്ക് കമീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുവാൻ അർഹരായവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

1) തസ്തികയുടെ പേര് : **Day Deposit Collection Agent**
2) ഒഴിവുകളുടെ എണ്ണം: 3 (മൂന്ന്)
3) കമ്മീഷൻ : 3 %
4) വിദ്യാഭ്യാസ യോഗ്യത : കുറഞ്ഞത് പത്താം ക്ലാസ് (SSLC) പാസായിരിക്കണം.
5) പ്രായ പരിധി : 01-08-2020ന് കുറഞ്ഞത് 18 വയസ്സ് പൂർത്തിയായിരിക്കുകയും 40 വയസ്സിൽ കൂടാതിരിക്കുകയും വേണം. (കേരള സഹകരണ നിയമം വകുപ്പ് 80, ചട്ടം 183 പ്രകാരം പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.)

സ്വന്തം കൈപ്പടയിൽ എഴുതി തയ്യാറാക്കിയതോ, ടൈപ്പ് ചെയ്തതോ ആയ അപേക്ഷ 6 മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ പതിപ്പിച്ച്, പേര്, മേൽ വിലാസം, വിദ്യാഭ്യാസ യോഗ്യത, ജനന തീയ്യതി തുടങ്ങിയ വിവരങ്ങൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് അടക്കം ചെയ്ത്, സെക്രട്ടറി, കുമ്പള സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം നം. സി 324, കുമ്പള പി.ഒ.-671321, കാസറഗോഡ് ജില്ല എന്ന വിലാസത്തിൽ തീയ്യതി 21-08-2020ന് വൈകുന്നേരം 4.00 മണിക്ക് മുൻപായി എത്തിക്കേണ്ടതാണ്.

കുമ്പള 06-08-2020

ഭരണ സമിതിയുടെ കല്പനപ്രകാരം, ഒപ്പ്. സെക്രട്ടറി